നഷ്ടപ്പെടുത്താതെ സംഭരിച്ച് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ നടപടികൾ ഈ കാലയളവിൽ സ്വീകരിച്ചുവെന്നും ആയതിന് എത്ര ഇക ചെലവായെന്നും വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം

117 (4920) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സംസ്ഥാനത്ത് ഏത് വർഷമാണ് നടപ്പിലാക്കിയതെന്ന് പറയാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് പറയാമോ ;

(സി) പദ്ധതിയിൽ ഉൾപ്പെട്ട കുളങ്ങളുടെ നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക നല്കാമോ ;

(ഡി) പദ്ധതി പ്രകാരമുള്ള കുളങ്ങളുടെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഇ) ചേലക്കര നിയോജകമണ്ഡലത്തിൽ ഈ പദ്ധതിയനുസരിച്ച് എം.എൽ.എ. ശുപാർശ ചെയ്ത കുളങ്ങൾ ഏതെല്ലാമാണെന്നും അവയുടെ പണി പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അവയുടെ നിർമ്മാണപണികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 47.00 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും സർക്കാർ ഉത്തരവ് സാധാ നമ്പർ 318/2013/ഡബ്ല്യു. ആർ. ഡി. തീയതി 23-3-2013 പ്രകാരം 72.758 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിനെത്തുടർന്ന് 2013-14 കാലയളവു മുതൽ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ജില്ലകളിലായി 165 കളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) എം.എൽ.എ. ശിപാർശചെയ്ത പ്രകാരം ചേലക്കര നിയോജകമണ്ഡലത്തിലെ ദേശമംഗലം പഞ്ചായത്തിലെ പൂത്തൻ കളത്തിന്റെ പ്രവൃത്തി 3 തവണ ടെണ്ടർ നടത്തിയിട്ടും. കരാറുകാർ ആരും തന്നെ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ക്വട്ടേഷൻവഴി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജലസേചനവകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാരവികേന്ദ്രീകരണം

118 (4921) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിലും വാട്ടർ അതോറിറ്റിയിലും അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ജലസേചനവകുപ്പിൽ അധികാര വികേന്ദ്രീകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നം. KWA/HO/WN/33/97 പ്രകാരം ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് വാട്ടർ അതോറിറ്റിയിലും ഉത്തരവായിട്ടുണ്ട്.

(ബി) ജലസേചനവകുപ്പിൽ ഓരോതരത്തിലുള്ള ഉദ്യോഗസ്ഥർക്കും ടെക്നിക്കൽ സാങ്ഷനും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും പ്രത്യേക അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതുമൂലം വർക്കുകൾ എസ്റ്റിമേറ്റിന് ആനുപാതികമായി പലതലത്തിലുള്ള ഉദ്യോഗസ്ഥരുടെ അനുമതിക്കായി നൽകുന്നതുകൊണ്ട് അവയ്ക്ക് വേഗത്തിൽ അനുമതി നൽകുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കും. അതുപോലെ വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും ഇത് സഹായിക്കും.

LIBRARY ARCHIVES Kerala Legislative Assembly